"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി.) - ബഡ്സ് സ്കൂൾ - പുതുക്കിയ മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(കൈ) നം.36/2026/LSGD തീയതി, തിരുവനന്തപുരം, 25-01-2026

പരാമർശം:- 1. 06.04.2013 തീയതിയിലെ സ.ഉ. (കൈ) നം. 144/2013/തസ്വഭവ.

2. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 19.08.2025, 19.10.2025, 06.12.2025 എന്നീ തീയതികളിലെ KSH0/149/2025-L നമ്പർ കത്തുകൾ

ഉത്തരവ്

ബഡ്സ് സ്കൂൾ നടത്തിപ്പിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

2. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പകൽ പരിപാലനം, തൊഴിൽ പരിശീലനം എന്നീ സേവനങ്ങൾ നൽകുന്ന 'ബഡ്സ് പുനരധിവാസ കേന്ദ്രങ്ങൾ' ആരംഭിക്കുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങളും, മാർഗ്ഗരേഖകളും കാലാനുസൃതമായി നവീകരിക്കേണ്ട സാഹചര്യത്തിൽ, ബഡ്സ് സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയിരിക്കുന്ന പുതുക്കിയ മാർഗ്ഗരേഖ അംഗീകരിക്കുന്നതിനായി പരാമർശം (2) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

3. ബഡ്സ് സ്ഥാപനങ്ങളുടെ സുഗമമായ നടത്തിപ്പിനായി തയ്യാറാക്കിയിരിക്കുന്ന പുതുക്കിയ മാർഗ്ഗരേഖ അംഗീകരിക്കുന്നതിന് മുന്നോടിയായി കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ബഡ്സ് സ്കൂൾ ജീവനക്കാരുടെ സംഘടനാ പ്രതിനിധികൾ, മറ്റ് തൽപ്പരകക്ഷികൾ എന്നിവരുമായി ചർച്ച നടത്തുകയുണ്ടായി.

4. ആയതിൻറെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരിമിതികൾ, വെല്ലുവിളികൾ ബാധിച്ച എല്ലാ വ്യക്തികളും അമൂല്യമായ മനുഷ്യവിഭവശേഷി തന്നെയാണെന്ന പരിഗണനയോടെ ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുക, തുടർ പരിശീലനവും കരുതലും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി.), ബഡ്സ് സ്കൂൾ എന്നിവ പാലിക്കേണ്ട ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന പുതുക്കിയ മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ (NIPMR), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ & ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (LSGD-IA2/146/2025-LSGD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി. എസ്സ് - ന്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ യ്ക്ക്

ബഡ്സ് സ്ഥാപനങ്ങളുടെ മാർഗ്ഗരേഖ

ബസ്ഡ് സ്ഥാപനങ്ങൾ

സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ഏറ്റെടുത്തിട്ടുള്ള മഹത്തായ സേവനങ്ങളിലൊന്നാണ് ബഡ്സ് സ്ഥാപനങ്ങൾ. വിവിധങ്ങളായ മാനസിക വെല്ലുവിളികൾ നേരിടുന്നവർ ഉൾക്കൊള്ളുന്ന കുടുംബങ്ങൾ, കൊടിയ ദാരിദ്ര്യത്തിന്റെ തീവ്രമായ കേന്ദ്രങ്ങളായിത്തീരുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് തീവ്രമായ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസം ലക്ഷ്യമാക്കി 2004-ൽ ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ കുടുംബശ്രീ മിഷൻ ആഭിമുഖ്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന കേന്ദ്രത്തിന്റെ പ്രവർത്തനമാരംഭിച്ചത്. തുടർന്ന് 18 വയസ്സു കഴിഞ്ഞവരുടെ പുനരധിവാസം യാഥാർഥ്യമാക്കുന്നതിനായി ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി.) എന്ന പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിതമായി. പ്രായപൂർത്തിയായ വ്യത്യസ്ത മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായുള്ള ജീവിതനൈപുണ്യ വിദ്യാഭ്യാസവും പരിശീലനവും നൽകുന്ന സ്ഥാപനങ്ങളാണ് ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ (ബി.ആർ.സി).

കുടുംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ച് ബൗദ്ധികവെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുക, തുടർ പരിശീലനവും കരുതലും ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെയാണ് ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുള്ളത്. ഈ സ്ഥാപനങ്ങളിലൂടെ പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽപരിശീലനം എന്നിവയ്ക്ക് ആവശ്യമായ പിന്തുണ നൽകിവരുന്നു. പരിമിതികൾ, വെല്ലുവിളികൾ ബാധിച്ച എല്ലാ വ്യക്തികളും അമൂല്യമായ മനുഷ്യവിഭവശേഷി തന്നെയാണ്.

വിവിധ വകുപ്പുകൾ ഏജൻസികൾ എന്നിവയുടെ ചുമതലകൾ

1. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

- ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത്/നഗരസഭ എന്നിവയുടെ പൂർണ്ണനിയന്ത്രണത്തിലാകും പ്രവർത്തിക്കുക.
- ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്യുക.
- ഐ.സി.ഡി.എസ് മുഖാന്തിരം ഭിന്നശേഷിക്കാരായ കുട്ടികളുടെ സർവ്വേ നടത്തി പട്ടിക തയ്യാറാക്കുക.
- ബഡ്സ്/ബി.ആർ.സി സ്ഥാപനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (വാഹന സൗകര്യം ഉൾപ്പെടെ) ഒരുക്കുക.

- ജീവനക്കാരുടെ നിയമന/കരാർ നിബന്ധനകൾ അതത് കാലങ്ങളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം പരിഷ്കരിക്കുക.
- തെറാപ്പി പദ്ധതികൾ നടപ്പിലാക്കുക, രജിസ്ട്രേഷൻ നടപടികൾ സ്വീകരിക്കുക, സ്ഥാപനത്തിന്റെ ധനകാര്യ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുക, ദൈനംദിന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുക തുടങ്ങി ബഡ്സ്/ബി.ആർ.സി.-കളുടെ നടത്തിപ്പ് ഗ്രാമപഞ്ചായത്ത്/ നഗരസഭകളുടെ ചുമതലയാണ്.
- മെഡിക്കൽ ഓഫീസർ, കൃഷി ഓഫീസർ, ഐ.സി.ഡി.എസ്, പാലിയേറ്റീവ് കെയർ, ആയുർവേദ-ഹോമിയോ സേവനങ്ങൾ തുടങ്ങി തദ്ദേശസ്ഥാപനങ്ങളിലെ ഘടകസ്ഥാപനങ്ങളുടെ സേവനം ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതിനും ഗ്രാമപഞ്ചായത്ത് / നഗരസഭകൾ നടപടി സ്വീകരിക്കേണ്ടതാണ്.
- 19.04.2022-ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ ഉത്തരവ് 3.5.1 ഖണ്ഡിക 2(vi, vii), ഖണ്ഡിക 6.4 (എ)(2), ഖണ്ഡിക 6.4 (ബി), ഖണ്ഡിക 6.8 (8), ഖണ്ഡിക 8.6(22), 8.8(2), 8.8.3(2) എന്നിവ കാണുക. 28.05.2022-ലെ സ.ഉ(കൈ)നം. 115/2022/ത.സ്വ.ഭ.വ-ലെ 2.13, 6.5(13), (14), (22), 7.1.1, 7.1.4(2), 7.1.6 (ബി), (സി), (ഇ), 7.1.8, 7.1.8(3), 7.1.9, 7.1.10, 7.1.11, 7.1.13, 8.2 എന്നിവ കാണുക.

ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ബ്ലോക്ക് / ജില്ലാ പഞ്ചായത്തുകൾക്കും തുക വകയിരുത്താവുന്നതാണ്. ബ്ലോക്കിന് കീഴിൽ രണ്ടിലധികം പഞ്ചായത്തുകളിൽ ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെങ്കിൽ ബ്ലോക്ക് പഞ്ചായത്ത് ടി സ്ഥാപനത്തിലേയ്ക്ക് ആവശ്യമായ തെറാപ്പികൾക്ക് നിർബന്ധമായും തുക വകയിരുത്തി ക്രമീകരിക്കേണ്ടതാണ്. ഇതിനു പുറമേ കുട്ടികളുടെ മാനസിക ഉല്ലാസത്തിനായുള്ള ഹോർട്ടികൾച്ചർ തെറാപ്പി പോലുള്ള പ്രവർത്തനങ്ങൾ കുടുംബശ്രീ അഗ്രിതെറാപ്പി പദ്ധതിയുമായി ചേർന്ന് നടപ്പിലാക്കാവുന്നതാണ്.

2. കുടുംബശ്രീ

ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപക നിയമനം നടത്തുന്നതിനാവശ്യമായ പരീക്ഷയും അഭിമുഖവും നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുക, ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ഡി.പി.ആർ. പരിശോധിച്ച് ജില്ലാ ഉപദേശകസമിതി വിളിച്ചുചേർത്ത് അംഗീകാരം നൽകുക എന്നിവ കുടുംബശ്രീയുടെ പ്രധാന ചുമതലയാണ്. ഇത്തരത്തിൽ അംഗീകാരം ലഭിക്കുന്ന ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങൾക്ക് സർക്കാർ തീരുമാനപ്രകാരം അനുവദിക്കുന്ന ഗ്രാന്റുകൾ ലഭ്യമാക്കുക, ആയതിന്റെ ധനവിനിയോഗം മോണിറ്റർചെയ്യുക, അതത് സമയങ്ങളിൽ ബഡ്സ് സ്കൂൾ സന്ദർശിച്ച് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ലഭ്യമാക്കുകയും ചെയ്യേണ്ടത് കുടുംബശ്രീയുടെ ചുമതലയായിരിക്കും. ഇതിനുപുറമേ ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിലെ കുട്ടികളുടെയും രക്ഷിതാക്കളുടെയും ഉപജീവനോപാധി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്ത് കുടുംബശ്രീ നടപ്പിലാക്കേണ്ടതാണ്. ഇതിന് മറ്റുവകുപ്പുകളുടെ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്. എസ്.സി.ഇ.ആർ.ടി. നൽകുന്ന കരിക്കുലം പരിശീലനങ്ങൾക്ക് പുറമേ

അധ്യാപകർക്കുള്ള പ്രത്യേക പരിശീലനങ്ങൾ, രക്ഷിതാക്കളുടെ സംഗമം, പരിശീലനങ്ങൾ, കുട്ടികളുടെ മാനസിക ഉല്ലാസത്തിന് ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എന്നിവയും കുടുംബശ്രീ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

3. പൊതുവിദ്യാഭ്യാസ വകുപ്പ്

5 മുതൽ 18 വയസ്സുവരെയുള്ള ബൗദ്ധിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കുള്ള സ്ഥാപനങ്ങളാണ് ബഡ്സ് സ്കൂളുകൾ. പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും സ്പെഷ്യൽ സ്കൂളുകൾക്ക് ബാധകമാകുന്ന ഉത്തരവുകൾ പ്രകാരമാകും ബഡ്സ് സ്ഥാപനങ്ങൾ പ്രവർത്തിക്കേണ്ടത്. ആയതിന് സ്പെഷ്യൽ സ്കൂൾ മാർഗരേഖ പുറത്തിറക്കുമ്പോൾ ബഡ്സ് സ്കൂളിനായി പ്രത്യേക പരിഗണന ഉത്തരവുകളിൽ ഉൾപ്പെടുത്തേണ്ടതാണ്. സ.ഉ.(കൈ) നം.56/2023/പൊ.വി.വ. തീയതി 10.05.2023 ഉത്തരവ് മാനദണ്ഡങ്ങൾ പ്രകാരം സ്പെഷ്യൽ സ്കൂളുകൾക്ക് ലഭ്യമാക്കുന്ന ധനസഹായത്തിന് പരമാവധി ബഡ്സ് സ്കൂളുകൾക്കും അർഹത ഉണ്ടായിരിക്കുന്നതാണ്. ആയതിന് ബഡ്സ് സ്കൂളിന് സാമൂഹ്യ നീതി വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കേണ്ടതാണ്. ഇതിനായി രജിസ്ട്രേഷൻ നടപടികൾ സംബന്ധിച്ച അറിയിപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നേരിട്ട് നൽകേണ്ടതും രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് തദ്ദേശസ്ഥാപനത്തിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ (അസി. സെക്രട്ടറി/പ്രധാന അദ്ധ്യാപിക(കൻ)യെ) ചുമതലപ്പെടുത്തേണ്ടതുമാണ്.

4. എസ്.സി.ഇ.ആർ.ടി

എസ്.സി.ഇ.ആർ.ടി. തയ്യാറാക്കുന്ന സ്പെഷ്യൽ സ്കൂൾ കരിക്കുലത്തിന്റെ അടിസ്ഥാനത്തിലാണ് ബഡ്സ് സ്കൂളിലെ / ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ 18 വയസ്സിൽ താഴെയുള്ള കുട്ടികളുടെ പരിശീലനം ക്രമീകരിക്കേണ്ടത്. കരിക്കുലം പ്രകാരം കുട്ടികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ വികസിപ്പിക്കേണ്ടത് എസ്.സി.ഇ.ആർ.ടി.-യുടെ ചുമതലയാണ്. പാഠപുസ്തകങ്ങൾ വിതരണം ചെയ്യുമ്പോൾ എല്ലാകുട്ടികൾക്കും ആവശ്യമായ എണ്ണം പാഠപുസ്തകങ്ങൾ ലഭ്യമാകുന്നു എന്ന് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തിരം എസ്.സി.ഇ.ആർ.ടി. ഉറപ്പുവരുത്തേണ്ടതാണ്. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ 18 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കും പാഠപുസ്തകം ലഭ്യമാക്കേണ്ടതാണ്. പാഠപുസ്തക വിതരണത്തിന് മുന്നോടിയായി തദ്ദേശസ്ഥാപനങ്ങൾ, കുടുംബശ്രീ മുഖാന്തിരം ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി ആയതുപ്രകാരം പുസ്തകങ്ങളും മറ്റ് അനുബന്ധങ്ങളും വിതരണം ചെയ്യേണ്ടതാണ്.

എല്ലാ അധ്യയന വർഷങ്ങളിലും ബഡ്സ് / ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ (18 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെങ്കിലും ഉള്ള പക്ഷം) അധ്യാപകർക്ക് എസ്.സി.ഇ.ആർ.ടി. മുഖാന്തിരം കരിക്കുലം, അസസ്സ്മെന്റ് ടൂൾ എന്നിവയിൽ പരിശീലനം നൽകേണ്ടതാണ്.

5. സാമൂഹ്യനീതി വകുപ്പ്

സർക്കാർ തീരുമാന പ്രകാരം (ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളുടേത് ഉൾപ്പെടെ) രജിസ്ട്രേഷൻ ചുമതല സാമൂഹ്യനീതി വകുപ്പിനായിരിക്കും.

6. വനിതാ ശിശുവികസന വകുപ്പ്

ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നിശ്ചിത ഇടവേളകളിൽ സന്ദർശനം നടത്തേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. സ്ഥാപനങ്ങളിലെ ഭക്ഷണക്രമീകരണം (മെനു തയ്യാറാക്കൽ), ശുചിത്വം എന്നിവ പരിശോധിച്ച് ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിലെ കുട്ടികളുടെ സ്കോളർഷിപ്പ് സമയബന്ധിതമായി നൽകുന്നതിനും വകുപ്പിന്റെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. സ്കൂളിലേക്ക് അഡ്മിഷൻ ലഭിക്കേണ്ട പരിശീലനാർത്ഥികളുടെ പട്ടിക തയ്യാറാക്കുന്നതിന് അങ്കണവാടി പ്രവർത്തകരുടെ സേവനം ലഭ്യമാക്കാവുന്നതാണ്. ആവശ്യമെങ്കിൽ രക്ഷിതാക്കൾക്ക് ആവശ്യമായ കൗൺസിലിംങ് നൽകുന്നതിനുള്ള പിന്തുണയും വനിതാ ശിശുവികസന വകുപ്പ് ലഭ്യമാക്കേണ്ടതാണ്.

7. എസ്.ഐ.എം.സി. (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചാലഞ്ച്ഡ്)

പരിശീലനങ്ങൾ സർക്കാർ മുഖാന്തിരം നടപ്പിലാക്കുന്ന പ്ലേസ്മെന്റ് ഡ്രൈവുകൾ, മറ്റു പരിശീലനങ്ങൾ എന്നിവയിൽ ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരെ പങ്കെടുപ്പിക്കുന്നതിനുള്ള ഇടപെടൽ എസ്.ഐ.എം.സി. നടത്തേണ്ടതാണ്. ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിലെ അധ്യാപകരുടെ ആർ.സി.ഐ. യോഗ്യത പരിഷ്കരിക്കുന്നതിന് ആവശ്യമായ സി.ആർ.ഇ പരിശീലനം നൽകുന്നതിന് നോഡൽ ഏജൻസിയായി എസ്.ഐ.എം.സി പ്രവർത്തിക്കേണ്ടതാണ്.

8.ആരോഗ്യവകുപ്പ്

എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും പി.എച്ച്.സി/എഫ്.എച്ച്.സി എന്നിവയുടെ സേവനം ബി.ആർ.സി സ്ഥാപനങ്ങളിലേക്ക് ഉറപ്പുവരുത്തേണ്ടത് ആരോഗ്യവകുപ്പിന്റെ ചുമതലയാണ്. ഈ തലങ്ങളിലെ മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ആശാ വർക്കർമാർ എന്നിവരുടെ സേവനം ടി സ്ഥാപനങ്ങളിൽ കൃത്യമായും സ്ഥിരമായ ഇടവേളകളിൽ ലഭ്യമാക്കുന്നുണ്ടെന്നും ആരോഗ്യവകുപ്പ് ഉറപ്പുവരുത്തേണ്ടതാണ്. ഇതിനുപുറമേ പാലിയേറ്റീവ് കെയർ സംവിധാനങ്ങളുടെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള ഇടപെടൽ നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ ആയുർവേദ/ഹോമിയോപ്പതി സംവിധാനങ്ങളുടെ സേവനം ബഡ്സ്/ബി.ആർ.സി സ്ഥാപനങ്ങൾക്ക് അനുയോജ്യമാകുംവിധം ഉപയോഗപ്പെടുത്താവുന്നതാണ്. ഉദാഹരണമായി കുട്ടികളുടെ ദിനക്രമത്തിൽ യോഗാപരിശീലനം ഉൾപ്പെടുത്തുകയും ആയത് ആയുർവേദ ഡോക്ടറുടെ നിർദ്ദേശ പ്രകാരം നടത്താവുന്നതുമാണ്.

9. സമഗ്ര ശിക്ഷ കേരള

സമഗ്ര ശിക്ഷ കേരള പദ്ധതി ബ്ലോക്ക് റിസോഴ്സ് സെന്റർ മുഖാന്തരം നടപ്പിലാക്കിവരുന്ന തെറാപ്പികൾ സാധ്യമെങ്കിൽ ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിലേക്ക് ഉപയോഗപ്പെടുത്താവുന്നതാണ്. ഇതിനുപുറമേ എസ്.എസ്.കെ. നേതൃത്വം നൽകുന്ന കായികമേളകൾ എന്നിവയിലും ബഡ്സ് / ബി.ആർ.സി സ്ഥാപനങ്ങളിലെ പരിശീലനാർഥികളുടെ പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്.

10. സർക്കാർ നിശ്ചയിക്കുന്ന ചുമതലകൾ അതതു വകുപ്പുകളും ഏജൻസികളും നിർവഹിക്കേണ്ടതാണ്.

വകുപ്പ്/ എജൻസി	ഉത്തരവാദിത്വം
തദ്ദേശ സ്വയംഭരണ സ്ഥാപനം (ജില്ലാ/ബ്ലോക്ക് പഞ്ചായത്ത്/ നഗരസഭ)	അടിസ്ഥാന സൗകര്യം, ദൈനംദിന നടത്തിപ്പ്, വാഹന സൗകര്യം, ജീവനക്കാരുടെ നിയമനം, വേതനം, ഭക്ഷണകാര്യം, മറ്റ സാമ്പത്തികം, ഘടക സ്ഥാപനങ്ങളുടെ സേവനം ലഭ്യമാക്കൽ (ജോയിന്റ് ഡയറക്ടർ)
കുടുംബശ്രീ	അധ്യാപക നിയമനം, പരിശീലനങ്ങൾ, സാമ്പത്തിക സഹായം, ഉപജീവന പ്രവർത്തനങ്ങൾ, മോണിറ്ററിങ്
എസ്.സി.ഇ.ആർ.ടി.	ബഡ്സ് കരിക്കുലം, അധ്യാപകർക്ക് മൊഡ്യൂൾ പരിശീലനം
പൊതുവിദ്യാഭ്യാസ വകുപ്പ്	രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾക്ക് ഗ്രാന്റ് (ജീവനക്കാരുടെ വേതനം, യൂണിഫോം, അടിസ്ഥാന സൗകര്യങ്ങൾ) ടെക്സ്റ്റ്ബുക്ക്
സാമൂഹ്യനീതിവകുപ്പ്	രജിസ്ട്രേഷൻ
എസ്.ഐ.എം.സി.	അധ്യാപക രക്ഷകർത്തൃ പരിശീലനം, കുട്ടികളുടെ പ്ലേസ്മെന്റ്, സി.ആർ.ഇ.
എസ്.എസ്.കെ	തെറാപ്പി, കായികം, വൊക്കേഷണൽ
വനിതാ ശിശു വികസന വകുപ്പ്	ഭക്ഷണകാര്യം, ശുചിത്വം, സ്കോളർഷിപ്പ്
ആരോഗ്യവകുപ്പ്	മെഡിക്കൽ സേവനം, ഡോക്ടർമാരുടെ പ്രതിമാസ സന്ദർശനം, ഡി.എം.എച്ച്.പി. (ഹോമിയോ പരിശീലനം)

ബഡ്സ് സ്ഥാപന ജീവനക്കാർക്കുള്ള പ്രവർത്തനരേഖ

തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കുടുംബശ്രീ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്ഥാപനങ്ങൾക്കായി ഒരു ഏകീകൃത പ്രവർത്തനരേഖയുടെ പ്രാധാന്യം മുൻനിർത്തിയാണ് ഇത് തയ്യാറാക്കിയിട്ടുള്ളത്. ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള മാർഗനിർദ്ദേശങ്ങളും മറ്റു നടപടിക്രമങ്ങളും ഇതിൽ വ്യക്തമാക്കുന്നു. ബൗദ്ധികവെല്ലുവിളികൾ നേരിടുന്ന കുട്ടികളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് അനുയോജ്യവും സുരക്ഷിതവുമായ ഒരു പ്രവർത്തനരീതി ഉറപ്പാക്കുക എന്നതാണ് ഈ മാർഗ്ഗരേഖയുടെ ലക്ഷ്യം. ഈ നയം ബഡ്സ് സ്ഥാപനങ്ങളിലെ എല്ലാ കരാർ / ദിവസ വേതന ജീവനക്കാർക്കും ബാധകമാണ്.

ലക്ഷ്യങ്ങൾ

1. ജീവനക്കാർക്ക് കൃത്യമായ മാർഗനിർദ്ദേശം നൽകുക.
2. ജീവനക്കാർക്ക് ആവശ്യമായ സേവനവേതന വ്യവസ്ഥകൾ ലഭ്യമാക്കുക.
3. ബഡ്സ് സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

ബഡ്സ് സ്ഥാപനങ്ങളിലെ കരാർ ജീവനക്കാർ

1. പ്രധാന അധ്യാപിക/അധ്യാപകൻ

2. ബഡ്സ് സ്ഥാപന അധ്യാപകർ

അസിസ്റ്റന്റ് അധ്യാപകർ എന്ന തസ്തികയിൽ നിലവിൽ ബഡ്സ് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന അധ്യാപകരെ അതേ തസ്തികയിൽ നിലനിർത്തുകയും ഈ മാർഗ്ഗ രേഖ പ്രകാരമുള്ള പ്രായപരിധി പൂർത്തീകരിക്കുമ്പോൾ ഒഴിവാക്കാവുന്നതുമാണ്. പുതിയതായി ഒരു അധ്യാപകരെയും ടി തസ്തികയിൽ നിയമിക്കാൻ സാധിക്കുന്നതല്ല.

3. ആയമാർ

4. ഡ്രൈവർ കം ഹെൽപ്പർ (സ്വന്തമായി വാഹനമുള്ള ബഡ്സ് സ്ഥാപനങ്ങൾക്കു മാത്രം ബാധകം)

6. കുക്ക്

അധ്യായം – 1

നിർവചനങ്ങൾ

1. ബഡ്സ് സ്കൂൾ

5 മുതൽ 18 വയസ്സു വരെയുള്ള മാനസികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും പുനരധിവാസവും ലഭ്യമാക്കുക എന്ന

ലക്ഷ്യത്തോടെ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നവയാണ് ബഡ്സ് സ്കൂളുകൾ.

2. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി. ആർ.സി)

18 വയസ്സിനുമുകളിൽ പ്രായമുള്ള മാനസികവും ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് വിദ്യാഭ്യാസവും തൊഴിൽപരിശീലനവും പുനരധിവാസവും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുടെ മേൽനോട്ടത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നവയാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി).

3. ബഡ്സ് സ്കൂൾ വിദ്യാർഥികൾ

5 മുതൽ 18 വയസ്സുവരെയുള്ള മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ കുട്ടികളാണ് ബഡ്സ് സ്കൂൾ വിദ്യാർഥികൾ.

4. ബഡ്സ് റീഹാബിലിറ്റേഷൻ പരിശീലനാർത്ഥി

18 വയസ്സിനുമുകളിൽ പ്രായമുള്ള മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്ന് മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ ഭിന്നശേഷിക്കാരാണ് ബഡ്സ് പരിശീലനാർത്ഥി.

5. ബഡ്സ് സ്കൂൾ അധ്യാപിക/ അധ്യാപകൻ

ആർ.സി.ഐ. അംഗീകൃത പരിശീലനം ലഭിച്ചതും ബഡ്സ് വിദ്യാലയങ്ങളിലെ കുട്ടികളോട് സഹാനുഭൂതിയും അനുകമ്പയും പുലർത്തി കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരുമാണ് ബഡ്സ് സ്കൂൾ അധ്യാപിക/അധ്യാപകൻ.

6. ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ (ബി.ആർ.സി) അധ്യാപിക/അധ്യാപകൻ

ആർ.സി.ഐ അംഗീകൃത പരിശീലനം ലഭിച്ചതും ബി.ആർ.സി-കളിലെ പരിശീലനാർത്ഥികളോട് സഹാനുഭൂതിയും അനുകമ്പയും പുലർത്തി കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്നവരുമാണ് ബി.ആർ.സി അധ്യാപിക/അധ്യാപകൻ.

7. ആയ

മാനസികവും, ശാരീരികവും, ബൗദ്ധികവുമായ വെല്ലുവിളികൾ നേരിടുന്ന പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ സഹായത്തിനും ശുശ്രൂഷയ്ക്കും സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ബഡ്സ് സ്ഥാപനങ്ങളിൽ സേവനം ചെയ്തുവരുന്നവരാണ് ആയമാർ.

8. ബി.ആർ.സി വൊക്കേഷണൽ ഇൻസ്ട്രക്ടർ

ബി.ആർ.സി-കളിലെ പരിശീലനാർഥികൾക്കും അവരുടെ രക്ഷിതാക്കൾക്കും ഉപജീവനത്തിനും സ്വയംപര്യാപ്തത വർധിപ്പിക്കുന്നതിനും സഹായകമായ തൊഴിൽ പരിശീലനങ്ങൾ നൽകുന്നതിനുവേണ്ടി നിയമിക്കപ്പെട്ടിട്ടുള്ള പ്രത്യേക പരിശീലനം ലഭിച്ചവരാണ് ബി.ആർ.സി വൊക്കേഷണൽ ഇൻസ്ട്രക്ടർ.

9. കുക്ക്

ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്കും പരിശീലനാർഥികൾക്കും ഗുണമേന്മയും ശുചിത്വവും ഉറപ്പാക്കി ഭക്ഷണം പാചകം ചെയ്തു നൽകുന്നവരാണ് കുക്ക്.

10. ഡ്രൈവർ കം ഹെൽപ്പർ

ബഡ്സ് സ്ഥാപനങ്ങളിലെ വാഹനങ്ങൾ സുരക്ഷിതമായി കൈകാര്യം ചെയ്യുകയും സ്ഥാപനമേധാവി ആവശ്യപ്പെടുന്നതു പ്രകാരം പ്രവർത്തനങ്ങൾ ചെയ്യുന്നതിന് ആവശ്യമായ സഹായം ചെയ്തുനൽകുന്നവരുമാണ് ഡ്രൈവർ കം ഹെൽപ്പർ.

<u>ബഡ്സ് സ്ഥാപനങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ താഴെപറയുന്ന തെറാപ്പിസ്റ്റുകളെയും മറ്റു പരിശീലകരെയും നിയമിക്കാവുന്നതാണ്.</u>

11. ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്

കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവും വൈകാരികവുമായ വളർച്ചാ വികാസത്തിലെ കാലതാമസങ്ങൾ, പരിമിതികൾ, വെല്ലുവിളികൾ, അല്ലെങ്കിൽ മറ്റു വെല്ലുവിളികൾ എന്നിവ തിരിച്ചറിയുകയും വിലയിരുത്തുകയും ചികിത്സിക്കുകയും ചെയ്യുന്ന വിദഗ്ധർ.

12. ബിഹേവിയറൽ തെറാപ്പിസ്റ്റ്

വ്യക്തികളുടെ ചിന്താരീതികളും വികാരങ്ങളും പെരുമാറ്റങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കി, അനാരോഗ്യകരമായതോ അനാവശ്യമോ ആയ പെരുമാറ്റങ്ങളെ മാറ്റി, കൂടുതൽ ആരോഗ്യകരവും ഉചിതവുമായ പുതിയ പെരുമാറ്റങ്ങൾ പഠിപ്പിക്കാൻ സഹായിക്കുന്ന മാനസികാരോഗ്യ വിദഗ്ധർ.

13. ഡ്രോയിംഗ് ടീച്ചർ (ചിത്രകലാ അധ്യാപകർ)

വരയ്ക്കാനുള്ള കഴിവുകളും സാങ്കേതിക വിദ്യകളും മറ്റുള്ളവരെ പഠിപ്പിക്കുന്ന വ്യക്തിയാണ് ഡ്രോയിംങ് ടീച്ചർ അഥവാ ചിത്രകലാ അധ്യാപകർ.

14. ക്രാഫ്റ്റ് ടീച്ചർ (കരകൗശല അധ്യാപകർ)

കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള കഴിവുകളും വിദ്യകളും മറ്റുള്ളവരെ പഠിപ്പിക്കുന്ന വ്യക്തിയാണ് ക്രാഫ്റ്റ് ടീച്ചർ.

15. മ്യൂസിക് ടീച്ചർ

സംഗീതത്തെ ഒരു ചികിത്സാ ഉപാധിയായി ഉപയോഗിച്ച് വ്യക്തികളുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതിനെയാണ് മ്യൂസിക് തെറാപ്പി എന്ന് പറയുന്നത്. പരിശീലനം ലഭിച്ച മ്യൂസിക് തെറാപ്പിസ്റ്റുകൾ, സംഗീതം കേൾക്കുക, സംഗീതോപകരണങ്ങൾ വായിക്കുക, പാട്ടു പാടുക, ഈണങ്ങൾ ചിട്ടപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ രോഗികളുമായി സംവദിച്ച് അവരുടെ ആരോഗ്യപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സഹായിക്കുന്നു.

16. ഡാൻസ് ടീച്ചർ

ശാരീരികവും മാനസികവും വൈകാരികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനായി നൃത്തത്തെയും ചലനങ്ങളെയും ഒരു ചികിത്സാരീതിയായി ഉപയോഗിക്കുന്നതിനെയാണ് ഡാൻസ് തെറാപ്പി എന്ന് പറയുന്നത്. ഇത് കേവലം നൃത്തം ചെയ്യുക എന്നതിലുപരി, പരിശീലനം ലഭിച്ച തെറാപ്പിസ്റ്റുകളുടെ മേൽനോട്ടത്തിൽ, വ്യക്തികളുടെ വികാരങ്ങളെയും ചിന്തകളെയും

പെരുമാറ്റങ്ങളെയും മനസ്സിലാക്കാനും പ്രകടിപ്പിക്കാനും മാറ്റിയെടുക്കാനും ശരീരഭാഷയെയും ചലനങ്ങളെയും ഒരു ഉപാധിയാക്കി മാറ്റുന്ന പ്രക്രിയയാണ്.

17. ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ (കായികാധ്യാപകർ)

കായികപരമായ കഴിവുകൾ, വിദ്യാർഥികളുടെ ശാരീരികക്ഷമത, ആരോഗ്യകരമായ ജീവിതശൈലി എന്നിവ വികസിപ്പിക്കുന്നതിനായി കായിക പരിശീലനവും കായികാഭ്യാസങ്ങളും പഠിപ്പിക്കുന്ന വ്യക്തിയാണ് ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ അഥവാ കായികാധ്യാപകർ.

18. ഫിസിയോതെറാപ്പിസ്റ്റ്

മരുന്നുകളോ ശസ്ത്രക്രിയകളോ ഇല്ലാതെ വ്യായാമമുറകൾ, മറ്റു ഫിസിയോതെറാപ്പി മാർഗങ്ങൾ എന്നിവയ്ക്കൊപ്പം മാനസിക പിന്തുണയിലൂടെയും പരിശീലനാർഥി / കുട്ടികളുടെ ശാരീരിക ചലനങ്ങളെയും പ്രവർത്തനങ്ങളെയും മെച്ചപ്പെടുത്താൻ സഹായിക്കുന്നതിനായി പരിശീലനം ലഭിച്ചവരാണ് ഫിസിയോ തെറാപ്പിസ്റ്റ്.

19. സ്പീച്ച് തെറാപ്പിസ്റ്റ്

സംസാരം, ഭാഷ, ശബ്ദം എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ കണ്ടുപിടിക്കുകയും വിലയിരുത്തുകയും ആവശ്യമായ ചികിത്സാസഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നതിനായി പരിശീലനം ലഭിച്ചവരാണ് സ്പീച്ച് തെറാപ്പിസ്റ്റ്.

അധ്യായം – 2

നിയമനം

ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപക നിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നത് കുടുംബശ്രീ മിഷൻ മുഖേനയായിരിക്കും, എന്നാൽ അധ്യാപകരെ നിയമിക്കുന്നതിനുള്ള ഉത്തരവാദിത്വം അതത് തദ്ദേശ സ്ഥാപനങ്ങൾക്കായിരിക്കും. വേതനം, അധ്യാപകർക്കുള്ള മറ്റ് ആനുകൂല്യങ്ങൾ എന്നിവ അതതു തദ്ദേശ സ്ഥാപനങ്ങളിൽ നിന്നായിരിക്കും ലഭ്യമാകുക.

ബഡ്സ് സ്ഥാപനങ്ങളിൽ ദിവസവേതന അടിസ്ഥാനത്തിൽ തെറാപ്പിസ്റ്റുകൾ, മറ്റുപരിശീലകർ എന്നിവരെ നിയമിക്കാവുന്നതാണ്. ഇത്തരത്തിൽ നിയമിക്കുമ്പോൾ ആയതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് അനുസരിച്ചായിരിക്കും നിയമനവും, സേവന വേതന വ്യവസ്ഥകളും.

പുതിയ അധ്യാപകരുടെ തിരഞ്ഞെടുപ്പ്

1. ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപക നിയമനം നടത്തുന്നതിനുള്ള ലിസ്റ്റ് തയ്യാറാക്കുന്നത് കുടുംബശ്രീമിഷൻ മുഖേനയായിരിക്കും.
2. ഓരോ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളും ടി സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ബഡ്സ് സ്ഥാപനങ്ങളിലെ ഒഴിവുകൾ കുടുംബശ്രീ ജില്ലാമിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.
3. ജില്ലാമിഷനുകളിൽ ലഭ്യമാകുന്ന ഒഴിവുകളുടെ എണ്ണം ബ്ലോക്ക് അടിസ്ഥാനത്തിൽ ക്രോഡീകരിച്ചു ജില്ലാമിഷനുകൾ കുടുംബശ്രീ സംസ്ഥാനമിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4. ജില്ലാമിഷനുകളിൽ നിന്നും ലഭ്യമാകുന്ന ഒഴിവുകളുടെ അടിസ്ഥാനത്തിൽ ബ്ലോക്കുകൾ കേന്ദ്രീകരിച്ചുള്ള വിജ്ഞാപനം കുടുംബശ്രീ സംസ്ഥാന മിഷൻ പുറത്തിറക്കുന്നതാണ്.

5. പ്രസ്തുത വിജ്ഞാപന പ്രകാരം ജില്ലാ അടിസ്ഥാനത്തിൽ എഴുത്ത് പരീക്ഷ നടത്തുന്നതായിരിക്കും.

6. ഉദ്യോഗാർഥികൾക്ക് നിയമനം ആവശ്യമുള്ള ബ്ലോക്ക് അപേക്ഷാ സമയത്ത് തിരഞ്ഞെടുക്കാവുന്നതാണ്. ഇപ്രകാരം തിരഞ്ഞെടുത്ത ബ്ലോക്കിലെ റാങ്ക് ലിസ്റ്റിലേക്ക് മാത്രമേ ഉദ്യോഗാർഥിയെ പരിഗണിക്കുകയുള്ളൂ.

7. പ്രസ്തുത എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഓരോ ബ്ലോക്കിലും ആദ്യഘട്ട പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.

8. ആദ്യഘട്ട പട്ടികയുടെ അടിസ്ഥാനത്തിൽ അഭിമുഖ പരീക്ഷനടത്തുകയും ബ്ലോക്ക് അടിസ്ഥാനത്തിൽ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

9. ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയിൽ നിന്നും ടി ബ്ലോക്കിന്റെ പരിധിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ബഡ്സ് സ്കൂൾ/ ബി.ആർ.സി എന്നിവിടങ്ങളിലെ ഒഴിവുകളിലെ നിയമനം അതതു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്താവുന്നതാണ്.

10. ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കുന്ന ഉദ്യോഗാർഥികൾ അതതു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിയുമായി 3 വർഷ കരാറിൽ ഏർപ്പെടേണ്ടതാണ്.

11. റാങ്ക് പട്ടികയുടെ കാലാവധി 3 വർഷമായിരിക്കും. എങ്കിലും എല്ലാ വർഷവും ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകർക്ക് പെർഫോമൻസ് അപ്രൈസൽ ഉണ്ടായിരിക്കുന്നതാണ്.

12. പെർഫോമൻസ് അപ്രൈസലിന്റെ അടിസ്ഥാനത്തിലായിരിക്കും കരാർ പുതുക്കി നൽകപ്പെടുന്നത്. ആയതിന്റെ നിർദ്ദേശങ്ങളും ഫോർമാറ്റും അനുബന്ധമായി ചേർത്തിരിക്കുന്നു.

13. കരാർ പത്രികയുടെ മാതൃക അനുബന്ധം. 2 കാണുക.

ജീവനക്കാരുടെ ട്രാൻസ്ഫർ

1) നിലവിൽ പ്രവർത്തിക്കുന്ന / നിയമിക്കപ്പെടുന്ന അധ്യാപകർക്ക് പരസ്പര സമ്മതത്തോടെ ട്രാൻസ്ഫറിന് അപേക്ഷ സമർപ്പിച്ചാൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ആയതിന് അനുമതി നൽകേണ്ടതാണ്. പ്രസ്തുത വിവരം ജില്ലാ ബഡ്സ് ഉപദേശകസമിതി കൺവീനറായ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കേണ്ടതാണ്.

2) പുതുതായി ആരംഭിക്കുന്ന സ്ഥാപനം / നിലവിലെ സ്ഥാപനത്തിലെ ഒഴിവ് തസ്തികയിലേക്ക് ട്രാൻസ്ഫറിന് അപേക്ഷ ലഭിച്ചാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വിവരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററെ അറിയിക്കേണ്ടതാണ്. ടി വിവരം പരിശോധിച്ച ബ്ലോക്കിന്റെ പരിധിയിൽ വരുന്ന ട്രാൻസ്ഫറുകൾക്ക് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് നൽകാവുന്നതാണ്. (ഇത്തരം അവസരങ്ങളിൽ പുതിയ നിയമനം നടത്താൻ പാടുള്ളതല്ല)

3) ഓരോ മൂന്ന് വർഷം കൂടുമ്പോഴും അതത് ബ്ലോക്ക് പരിധിക്കുള്ളിലെ ബഡ്സ് സ്ഥാപനങ്ങളിലേക്ക് അധ്യാപകർക്കും / വൊക്കേഷണൽ ഇൻസ്ട്രക്ടർക്കും ജില്ലാ ഉപദേശക സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പൊതുവായ ട്രാൻസ്ഫർ അനുവദിക്കാവുന്നതാണ്. ഇതിനുള്ള ഉത്തരവാദിത്തം ഉപദേശക സമിതി കൺവീനറായ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്കായിരിക്കും.
4) ഒരു ജില്ലയിൽ നിന്നും മറ്റൊരു ജില്ലയിലേക്ക് ട്രാൻസ്ഫർ അനുവദിക്കുന്നതല്ല.

പിരിച്ചുവിടൽ/വിരമിക്കൽ

1. തക്കതായ കാരണങ്ങൾ ഇല്ലാതെ ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാരെ പിരിച്ചുവിടാൻ പാടുള്ളതല്ല.
2. ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകരുടെ, ഓരോ വർഷത്തേയും പെർഫോമൻസ് അപ്രൈസൽ വിലയിരുത്തി നിശ്ചിത സ്കോർ അടിസ്ഥാനത്തിലാകും കരാർ ദീർഘിപ്പിക്കുന്നത്. കുട്ടികളോട് മോശമായി പെരുമാറുന്നത് ശ്രദ്ധയിൽപെട്ടാൽ, അത്തരം കേസുകളിൽ വാർഷിക പെർഫോമൻസ് അപ്രൈസൽ പരിഗണിക്കാതെ ഉടനടി കമ്മിറ്റി കൂടി അത്തരം അധ്യാപകർക്കെതിരെ നടപടി സ്വീകരിക്കുന്നതായിരിക്കും.
3. ജീവനക്കാരുടെ പ്രവർത്തനങ്ങളിൽ തൃപ്തരല്ല എങ്കിൽ അപ്രൈസൽ കമ്മിറ്റി ജില്ലാ ബഡ്സ് ഉപദേശക സമിതിയിൽ വിവരം അറിയിക്കേണ്ടതാണ്. അപ്രൈസൽ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളെ ജോലിയിൽ നിന്നും വിടുതൽ ചെയ്യിക്കുന്നതാണ്.
4. അധ്യാപകർക്ക് 65 വയസ്സാകുന്ന മുറയ്ക്ക്, നടപ്പ് അധ്യയന വർഷത്തിന്റെ അവസാനത്തിൽ കരാർ അവസാനിപ്പിക്കേണ്ടതാണ്. ഒഴിവുകൾ സമയബന്ധിതമായി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ ജില്ലാമിഷനിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.
5. ആയമാരുടെ പ്രായപരിധി 65 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കരാർ കാലാവധി അവസാനിക്കുന്നതാണ്.

അധ്യായം – 3

തസ്തികകൾ/ യോഗ്യത/ വേതനം

ക്രമ നമ്പർ	തസ്തിക	വിദ്യാഭ്യാസ യോഗ്യത	പ്രവൃത്തി പരിചയം	വേതനം
1.	സ്കൂൾ ഹെഡ്	ഏതെങ്കിലും വിഷയത്തിൽ സർക്കാർ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദവും	ബഡ്സ് സ്ഥാപനങ്ങളിൽ അധ്യാപക വൃത്തിയിൽ 5 വർഷത്തെ	ദിവസവേതന/ കരാർ ജീവന ക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ്

		സ്പെഷ്യൽ എജ്യൂക്കേഷനിൽ ബി.എഡും ഉണ്ടായിരിക്കണം OR	പ്രവർത്തിപരിചയം. OR	പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃത്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കണം. (സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾ ചെയ്യുന്നതിനായി 1000/- രൂപ വീതം അധികം വേതനത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതുമാണ്.)
		ഏതെങ്കിലും വിഷയത്തിൽ സർക്കാർ അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദവും സ്പെഷ്യൽ എജ്യുക്കേഷൻ ഡിപ്ലോമ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം OR	ബഡ്സ് സ്ഥാപനങ്ങളിൽ അധ്യാപകവൃത്തിയിൽ 10 വർഷത്തെ പ്രവൃത്തിപരിചയം. OR	
		സർക്കാർ അംഗീകൃത ഹയർസെക്കൻഡറി വിദ്യാഭ്യാസം/ തത്തുല്യവും സ്പെഷ്യൽ എജ്യുക്കേഷൻ ഡിപ്ലോമ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം	ബഡ്സ് സ്ഥാനങ്ങളിൽ അധ്യാപക വൃത്തിയിൽ 20 വർഷത്തെ പ്രവൃത്തിപരിചയം.	
2.	സ്പെഷ്യൽ സ്കൂൾ അധ്യാപിക(ൻ) / ബി.ആർ.സി അധ്യാപിക(ൻ)	ഏതെങ്കിലും വിഷയത്തിൽ സർക്കാർ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദവും സ്പെഷ്യൽ എജ്യുക്കേഷനിൽ ബി.എഡും ഉണ്ടായിരിക്കണം OR	ബഡ്സ് സ്ഥാനങ്ങളിൽ അധ്യാപക വൃത്തിയിൽ 1 വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. OR	ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ
		സർക്കാർ അംഗീകൃത	ബഡ്സ്	

		ഹയർ സെക്കൻഡറി വിദ്യാഭ്യാസം/ തത്തുല്യവും സ്പെഷ്യൽ എജ്യൂക്കേഷൻ ഡിപ്ലോമ സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം.	സ്ഥാനങ്ങളിൽ അധ്യാപക വൃത്തിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം.	
		സർക്കാർ അംഗീകൃത ഹയർ സെക്കൻഡറി വിദ്യാഭ്യാസം/ തത്തുല്യവും ഡിപ്ലോമ ഇൻ കമ്മ്യൂണിറ്റി ബെയ്സ്ഡ് റീഹാബിലിറ്റേഷൻ ആർ.സി.ഐ. അംഗീകൃത കെയർ ലീവിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പാസ്സായിരിക്കണം.	ബഡ്സ് സ്ഥാനങ്ങളിൽ അധ്യാപക /അസിസ്റ്റന്റ് അധ്യാപക വൃത്തിയിൽ 20 വർഷത്തെ പ്രവൃത്തിപരിചയം ഉണ്ടായിരിക്കണം.	
3.	വൊക്കേഷണൽ ഇൻസ്ട്രക്ടർ	സർക്കാർ അംഗീകൃത സർവ്വകലാശാലയിൽ നിന്നും റീഹാബിലിറ്റേഷൻ സയൻസിൽ (BRSc) ബിരുദം ഉണ്ടായിരിക്കണം.	ബഡ്സ് സ്ഥാനങ്ങളിൽ അധ്യാപക വൃത്തിയിൽ 1 വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യം OR	ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
		DVR അല്ലെങ്കിൽ DVTE സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.	ബഡ്സ് സ്ഥാനങ്ങളിൽ അധ്യാപക വൃത്തിയിൽ 2 വർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം.	ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
4.	ആയ	എസ്.എസ്.എൽ.സി.	ശാരീരിക ക്ഷമത	ദിവസവേതന/

		പാസായിരിക്കണം/ തതുല്യം	ഉണ്ടായിരിക്കണം. ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയോ പരിശീലനാർത്ഥികളുടെയോ മാതാക്കന്മാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.	കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ
5.	കുക്ക് കം ഹെൽപ്പർ	7-ാം ക്ലാസിൽ വിജയിച്ചിരിക്കണം/ തത്തുല്യം ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം	ശാരീരികക്ഷമത ഉണ്ടായിരിക്കണം. ബഡ്സ് സ്ഥാപനങ്ങളിലെ വിദ്യാർഥികളുടെയോ പരിശീലനാർത്ഥികളുടെയോ അമ്മമാർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.	
6.	ഡ്രൈവർ കം ഹെൽപ്പർ	7 ക്ലാസിൽ ജയിച്ചിരിക്കണം/തത്തുല്യം നല്ല ശാരീരികക്ഷമത ഉണ്ടായിരിക്കണം.	ഹെവി ഡ്രൈവിംഗ് ലൈസൻസും 5 വർഷത്തെ പ്രവൃത്തിപരിചയവും ഉണ്ടായിരിക്കണം	ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ
7.	ഫിസിയോ തെറാപ്പിസ്റ്റ്	ബാച്ചിലർ ഓഫ് ഫിസിയോ തെറാപ്പി OR ഡിപ്ലോമ ഇൻ മൾട്ടി റീഹാബിലിട്ടേഷൻ വർക്ക് OR സർട്ടിഫിക്കേഷൻ കോഴ്സ് ഇൻ റീഹാബിലിട്ടേഷൻ		ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.

		തെറാപ്പി		
8.	സ്പീച്ച് തെറാപ്പിസ്റ്റ്	ബാച്ചിലർ ഓഫ് ഓഡിയോളജി ആൻഡ് സ്പീച്ച് ലാംഗ്വേജ് OR		ദിവസവേതന/ കരാർ ജീവന ക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
9.	ഡെവലപ്പ്മെന്റ് തെറാപ്പിസ്റ്റ്	പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ക്ലിനിക്കൽ ചൈൽഡ് ഡെവലപ്പ്മെന്റ് OR പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഡെവലപ്പ്മെന്റൽ തെറാപ്പി		ദിവസവേതന/ കരാർ ജീവന ക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
10.	ഡാൻസ് ടീച്ചർ	ഡിഗ്രി/ ഡിപ്ലോമ ഇൻ ഡാൻസ്		
11.	മ്യൂസിക്ക് ടീച്ചർ	ഡിഗ്രി / ഡിപ്ലോമ ഇൻ മ്യൂസിക്ക്		ദിവസവേതന/ കരാർ ജീവന ക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
12.	ക്രാഫ്റ്റ്ടീച്ചർ	ഡിഗ്രി / ഡിപ്ലോമ ഇൻ ആർട്ട് / ക്രാഫ്റ്റ്		ദിവസവേതന/ കരാർ ജീവന ക്കാരുടെ വേതനം സംബന്ധിച്ച്

				ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.
13.	ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ	ഡിഗ്രി/ഡിപ്ലോമ ഇൻ ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചർ		ദിവസവേതന/ കരാർ ജീവനക്കാരുടെ വേതനം സംബന്ധിച്ച് ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ.

അധ്യായം – 4

ചുമതലകളും ഉത്തരവാദിത്വങ്ങളും

ജീവനക്കാർ ചുവടെ നൽകിയിരിക്കുന്ന ചുമതലകളും ഉത്തരവാദിത്വങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.

ബഡ്സ് പ്രഥമ അധ്യാപിക / അധ്യാപകൻ

- സ്കൂളിന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കുക.
- അധ്യാപകരെയും മറ്റ് സ്റ്റാഫുകളെയും ഏകോപിപ്പിക്കുക.
- ക്ലാസുകൾ, തെറാപ്പികൾ, ഭക്ഷണവിതരണം, ക്ലീനിംങ്, കുട്ടികളുടെ സുരക്ഷ തുടങ്ങിയ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുക.
- വിദ്യാർഥികളുടെ ഹാജർ, പുരോഗതി, ഹെൽത്ത് റെക്കോർഡുകൾ, സ്റ്റോക്ക് രാജിസ്റ്ററുകൾ തുടങ്ങിയവ പതിവായി അപ്ഡേറ്റ് ചെയ്യുസൂക്ഷിക്കുക.
- സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ടുകൾ തയ്യാറാക്കുക.
- സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
- കുട്ടികളുടെ ആരോഗ്യ പോഷണവിദ്യാഭ്യാസ പ്രശ്നങ്ങൾക്ക് പരിഗണന ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- ഉച്ചഭക്ഷണ പരിപാടി നടപ്പിലാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക.

- ഔദ്യോഗിക കത്തിടപാടുകൾ നടത്തുക.
- സ്ഥാപനത്തിന്റെ അച്ചടക്കം കൃത്യമായി നിലനിർത്തുക.
- ഗ്രേഡ് തിരിക്കൽ, ക്ലാസ്സുകളുടെ ചുമതല വിഭജനം എന്നിവ സ്റ്റാഫ് യോഗം ചേർന്നു തീരുമാനിച്ചു മാനേജിംഗ് കമ്മിറ്റിയെ അറിയിക്കുക.

ബഡ്സ് അധ്യാപിക / അധ്യാപകൻ

- ഓരോ കുട്ടിയുടെയും ശേഷി വിലയിരുത്തി പഠനപദ്ധതി Individualized Education Plan (IEP) രൂപീകരിക്കുക. കുട്ടിയുടെ പുരോഗതിയനുസരിച്ച് പഠനരീതിക്ക് മാറ്റം വരുത്തേണ്ടതാണ്.
- ബുദ്ധിമുട്ടുകൾ (intellectual disabilities, developmental delays, autism, Cerebral Palsy, learning disabilities എന്നിവ) ഉള്ള കുട്ടികളെ മനസ്സിലാക്കി അവരുടെ ശേഷിക്ക് അനുസൃതമായ പഠനസഹായം ലഭ്യമാക്കുക.
- കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ, സാമൂഹിക വികസനത്തിനാവശ്യമായ പ്രവർത്തനങ്ങൾ ഭാഷാപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മറ്റു കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുക.
- സ്ഥാപനത്തിൽ എത്തുന്ന കുട്ടികളുടെ വ്യക്തിഗത ശുചിത്വം, ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുക.
- മാതാപിതാക്കളുമായി ബന്ധം പുലർത്തുകയും കുട്ടികളുടെ പുരോഗതിയെക്കുറിച്ച് അവരെ അറിയിക്കുകയും ചെയ്യുക.
- സ്പെഷ്യൽ എജ്യുക്കേഷനുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ, സെമിനാറുകൾ, കാര്യശേഷിവികസന പരിപാടികൾ എന്നിവയിൽ പങ്കെടുക്കുക.
- ചുമതലയുള്ള ക്ലാസുകളുടെ പ്രവർത്തനങ്ങളിൽ പൂർണ്ണമായും പങ്കാളിയാവുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക.

വൊക്കേഷണൽ ഇൻസ്ട്രക്ടർ

- ബി.ആർ.സി-കളിലെ ഉപജീവന പ്രവർത്തനവുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ നൽകുക.
- സ്ഥാപനത്തിൽ എത്തുന്ന കുട്ടികളെ ഉപയോഗപ്പെടുത്തി കൂടുതൽ ഉപജീവന പദ്ധതികളുടെ പരിശീലനങ്ങൾ നൽകുക.

ബഡ്സ് അസിസ്റ്റന്റ് അധ്യാപിക / അധ്യാപകൻ

- അധ്യാപകരെ ഓരോ പ്രവർത്തനങ്ങളിലും അവയുടെ മുന്നൊരുക്കങ്ങളിലും സഹായിക്കുക.
- ഓരോ കുട്ടിയെയും പഠന പ്രവർത്തനങ്ങളിൽ സഹായിക്കുക.
- പ്രഥമാധ്യാപകരുടെ നിർദേശപ്രകാരം സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളിൽ സഹായിക്കുക.

ബഡ്സ് ആയ

- കുട്ടികളുടെ ശുചിത്വപരിപാലനം.
- വസ്ത്രം മാറൽ, ശുചിമുറി ഉപയോഗം തുടങ്ങിയ കാര്യങ്ങളിൽ സഹായിക്കുക.
- കുട്ടികളെ ഭക്ഷണം കഴിക്കുന്നതിനു സഹായിക്കുക.
- ഭക്ഷണസമയത്ത് അച്ചടക്കം പാലിക്കാൻ സഹായിക്കുക.
- ക്ലാസിൽ, കളിസ്ഥലത്ത്, ക്ലാസുകൾക്കിടയിലെ ഇടവേളകളിൽ കുട്ടികൾ സുരക്ഷിതരായി ഇരിക്കുകയാണ് എന്ന് ഉറപ്പാക്കുക.
- അധ്യാപകർ നടത്തുന്ന പ്രവർത്തനങ്ങളിൽ സഹായിക്കുക.
- കുട്ടികളെ ക്ലാസ്റൂമിൽ എത്തിക്കുക, പുറത്തേക്ക് കൊണ്ടു പോവുക.
- ക്ലാസ്മുറി, പരിസരം, കുട്ടികളുടെ ഉപകരണങ്ങൾ, കുട്ടികളുടെ വസ്ത്രങ്ങൾ, കിടക്കകൾ, കളിപ്പാട്ടങ്ങൾ തുടങ്ങിയവ വൃത്തിയായി സുക്ഷിക്കുക.
- കുട്ടികളെ വീടുകളിൽ നിന്നും സ്ഥാപനത്തിന്റെ വാഹനത്തിൽ എത്തിക്കുകയും തിരികെ വീടുകളിൽ എത്തികുകയും ചെയ്യുക.

തെറാപ്പിസ്റ്റ്

- ഓരോ കുട്ടിയുടെയും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ വിലയിരുത്തലുകൾ നടത്തുക.
- ഓരോ കുട്ടിക്കും പ്രത്യേകമായി അല്ലെങ്കിൽ ഗ്രൂപ്പ് ആയി തെറാപ്പികൾ നടത്തുക.
- അവരുടെ പുരോഗതി നിരീക്ഷിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുക.
- കുട്ടിയുടെ അവസ്ഥയും പുരോഗതിയും രക്ഷിതാക്കളെ അറിയിക്കുക.

കുക്ക്

- കുട്ടികൾക്ക് പോഷകസമൃദ്ധമായ, ശുദ്ധമായ ഭക്ഷണം ആരോഗ്യപരമായ രീതിയിൽ പാചകം ചെയ്യുക.
- അടുക്കള, പാചക ഉപകരണങ്ങൾ, പാത്രങ്ങൾ എന്നിവ വൃത്തിയായി സൂക്ഷിക്കുക.
- കുട്ടികൾക്ക് ആവശ്യമായ രീതിയിൽഭക്ഷണം വിതരണം ചെയ്യുക.

ബഡ്സ് ഡ്രൈവർ കം ഹെൽപ്പർ

- കുട്ടികളെ സുരക്ഷിതമായി വീടുകളിൽ നിന്ന് സ്കൂളിലേക്കും തിരിച്ചും എത്തിക്കുക.
- വാഹനം ശുചിയായി സൂക്ഷിക്കുക.
- വാഹനത്തിലെ സാധാരണ മെക്കാനിക്കൽ അവസ്ഥ പരിശോധിക്കുക (ബ്രേക്ക്, ടയർ, ലൈറ്റുകൾ, ഓയിൽ, വാട്ടർ മുതലായവ).
- ബഡ്സ് സ്ഥാപനത്തിൽ എത്തുന്ന കുട്ടികളുടെ കെയർടേക്കർ ആയും പ്രവർത്തിക്കുക.

- ബഡ്സ് സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളിൽ പൂർണസമയം ഏർപ്പെടുക.
  കൂടാതെ ബഡ്സ് സ്ഥാപനത്തിലെ പ്രഥമ അധ്യാപിക/അധ്യാപകന്റെ നിർദേശം അനുസരിച്ച് സ്ഥാപനവുമായി ബന്ധപ്പെട്ട മറ്റു പ്രവർത്തനങ്ങളിൽ സഹായിക്കുക.

അധ്യായം – 5

ജോലിസമയം, അവധി

ജോലിസമയം

ആഴ്ചയിൽ ആറ് ദിവസം. തിങ്കൾ മുതൽ ശനി വരെ. രാവിലെ 9.30 മുതൽ വൈകിട്ട് 3.30 വരെ (ഉച്ചഭക്ഷണ ഇടവേളയോടെ) കൂടാതെ വാഹനങ്ങളിൽ കുട്ടികളെ വീട്ടിൽ എത്തിക്കുന്ന സമയം വരെയും പ്രസ്തുത ചുമതലയുള്ള ജീവനക്കാർ പ്രവർത്തിക്കേണ്ടതാണ്.

അവധികൾ

- ആകസ്മിക അവധി : 12 ദിവസം
- പൊതു അവധികൾ : സർക്കാർ കലണ്ടർ പ്രകാരം
- മാതൃത്വ അവധി : സർക്കാർ നിർദ്ദേശ പ്രകാരം
- പ്രത്യേക പരിശീലന അവധി (CRE പരിശീലനത്തിനായി) : മുൻകൂറായി അപേക്ഷിക്കണം.
- ഓണം, ക്രിസ്തുമസ് അവധികൾ മറ്റ് സർക്കാർ സ്കൂളുകളിലെ ജീവനക്കാർക്ക് അനുവദിക്കുന്നത് പോലെയായിരിക്കും.
- സ്ഥാപനത്തിന്റെ പ്രവർത്തനം തടസ്സപ്പെടാതെ വേനൽ അവധി റൊട്ടേഷൻ വ്യവസ്ഥയിൽ 15 ദിവസം എന്ന നിലയ്ക്ക് ജീവനക്കാർക്ക് അനുവദിക്കാവുന്നതാണ്.
- ബഡ്സ് സ്ഥാപനങ്ങളിൽ എല്ലാ അധ്യയന വർഷവും പ്രാരംഭതല പ്രവർത്തനം നടത്തുന്നതിനായി മെയ് 23 മുതൽ 30 വരെ കുട്ടികളുടെ വീടുകൾ സന്ദർശിക്കുകയും പ്രവേശനവുമായി ബന്ധപ്പെട്ട മറ്റു മുന്നൊരുക്ക പ്രവർത്തനങ്ങൾ ചെയ്യുകയും വേണം. ആ ദിവസങ്ങളിൽ സാധാരണ ക്ലാസുകൾ ഒഴിവാക്കാവുന്നതാണ്.

അധ്യായം – 6

പെർഫോമൻസ് അപ്രൈസൽ

പെർഫോമൻസ് അപ്രൈസൽ സമർപ്പണം

ബഡ്സ് അധ്യാപകരുടെ പെർഫോമൻസ് അപ്രൈസൽ ഓരോരുത്തരും തയ്യാറാക്കി അതത തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പെർഫോമൻസ് അപ്രൈസൽ കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. അധ്യയന വർഷത്തിന്റെ അവസാനം (മാർച്ച് 15-ന മുമ്പായി) ഓരോ ജീവനക്കാരും അവരവരുടെ പെർഫോമൻസ് അപ്രൈസൽ അതത് സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്. പെർഫോമൻസ് അപ്രൈസൽ കമ്മിറ്റിക്ക് മുമ്പാകെ ലഭിക്കുന്ന അപ്രൈസലുകൾ കമ്മിറ്റി പരിശോധിക്കുകയും തുടരനുമതി നൽകുന്നതിനായി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് നൽകുകയും ചെയ്യേണ്ടതാണ്.

പെർഫോമൻസ് അപ്രൈസൽ കമ്മിറ്റി

ചെയർപേഴ്സൺ : ക്ഷേമകാര്യ വികസന സ്റ്റാൻഡിംങ് കമ്മിറ്റി ചെയർപേഴ്സൺ

കൺവീനർ : അസിസ്റ്റന്റ് ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ (സാമൂഹ്യ വികസനം / കുടുംബശ്രീ / ജില്ലാമിഷൻ കോ-ഓർഡിനേറ്റർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥൻ)

അംഗങ്ങൾ

1. അസിസ്റ്റന്റ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനം
2. ഐ.സി.ഡി.എസ് സൂപ്പർവൈസർ
3. തദ്ദേശ ഭരണ സ്ഥാപനത്തിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നിർവഹണ ഉദ്യോഗസ്ഥൻ

- കരാർ പുതുക്കി നൽകുന്നതുമായി ബന്ധപ്പെട്ട് മേൽ സൂചിപ്പിച്ചിരിക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി പെർഫോമൻസ് അപ്രൈസൽ കമ്മിറ്റി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപീകരിക്കേണ്ടതാണ്. കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും കൂടാൻ സാധിക്കുന്ന ദിവസം കണക്കാക്കി യോഗം ചേരുകയും അപ്രൈസൽ പരിശോധിക്കുകയും ചെയ്യേണ്ടതാണ്. അധ്യയനവർഷത്തിന്റെ അവസാനവും അപ്രൈസൽ കമ്മിറ്റി ചേരേണ്ടതാണ്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓരോ ബഡ്സ് സ്ഥാപനത്തിലെയും അധ്യാപകരുടെ പെർഫോമൻസ് അപ്രൈസൽ ഫോം മേൽസൂചിപ്പിച്ചിട്ടുള്ള കമ്മിറ്റി

പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ രേഖപ്പെടുത്തി കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററിനു നൽകേണ്ടതാണ്.

- 3/5 അംഗങ്ങൾ (ക്വാറം) ഉണ്ടെങ്കിൽ അപ്രൈസൽ കമ്മിറ്റി ചേരാവുന്നതാണ്.
- **കോണ്ട്രാക്ട് ബ്രേക്ക്** : അധ്യയന വർഷം അവസാനിക്കുന്ന / കരാർ അവസാനിക്കുന്ന ദിവസത്തിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം കോൺടാക്ട് ബ്രേക്ക് ആയിരിക്കും.

അപ്പ്രൂവൽ അതോറിറ്റി

- കുടുംബശ്രീയുടെ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ ആയിരിക്കും അപ്പ്രൂവൽ അതോറിറ്റി.
- ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന ഓരോ ബഡ്സ് സ്ഥാപനങ്ങളിലെയും അധ്യാപകരുടെ കരാർ പുതുക്കുന്നതിനുള്ള അന്തിമ അംഗീകാരം നൽകേണ്ടത് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററാണ്.
- അംഗീകാരം ലഭിച്ചതിനുശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിയുമായി ബഡ്സ് സ്ഥാപനത്തിലെ അധ്യാപകർ പുതുക്കിയ കരാറിൽ ഏർപ്പെടാവുന്നതാണ്.

അധ്യായം – 7

പെരുമാറ്റച്ചട്ടങ്ങൾ (Code of Conduct)

എല്ലാ ബഡ്സ് ജീവനക്കാരും ബഡ്സ് സ്ഥാപനങ്ങളുടെ വികസനത്തിനായി പ്രവർത്തിക്കേണ്ടതാണ്. ആയതിനാൽ ചുവടെ കൊടുത്തിട്ടുള്ള പെരുമാറ്റച്ചട്ടങ്ങൾ ബഡ്സ് ജീവനക്കാരും നിർബന്ധമായും പാലിക്കേണ്ടതാണ്.

1. കുട്ടികളോടും അവരുടെ കുടുംബത്തോടും മാന്യമായി പെരുമാറുക.
2. കുട്ടിയുടെയും പരിശീലനാർത്ഥികളുടെയും സ്വകാര്യത ഉറപ്പാക്കണം. യാതൊരുവിവരവും കുടുംബശ്രീ മിഷന്റെയോ തദ്ദേശ സ്ഥാപനത്തിന്റെയോ അനുമതിയില്ലാതെ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ പാടുള്ളതല്ല.
3. ലഹരിവസ്തുക്കളുടെ ഉപയോഗം പാടുള്ളതല്ല.
4. വിവേചനം, മോശം പെരുമാറ്റം എന്നിവ പാടുള്ളതല്ല. അത്തരം പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നിലപാടെടുക്കുന്നതായിരിക്കും.

അധ്യായം – 8

പരിശീലനം

ശേഷി വികസനം (Capacity Building)

ബഡ്സ് സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം കുടുംബശ്രീ മുഖേന നൽകുന്നതാണ്. അത്തരം പരിശീലനങ്ങളിൽ കൃത്യമായി പങ്കെടുക്കേണ്ടതാണ്.

അധ്യായം – 9

പരാതിയും പരിഹാരവും

മൂന്നുതലത്തിലുള്ള പരാതിപരിഹാര സംവിധാനം :

1) സ്ഥാപനതലത്തിൽ സ്ഥാപനതലവൻ

ജീവനക്കാർക്ക് ഏതെങ്കിലും തരത്തിലുള്ള പരാതികളുണ്ടെങ്കിൽ ആയത് നേരിട്ട് സ്ഥാപനതലവന്മാരെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഇത്തരത്തിൽ നല്കിയിട്ടുള്ള പരാതികളിൽ തീർപ്പുവരാത്ത സാഹചര്യങ്ങളിൽ പരാതിക്കാരന് മേൽത്തലങ്ങളിൽ പരാതിപ്പെടാവുന്നതാണ്. പരാതി ലഭ്യമായി രണ്ട് ആഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

2) തദ്ദേശ സ്ഥാപനതലത്തിൽ

തദ്ദേശ സ്ഥാപനതലത്തിൽ പരാതികൾ പരിഗണിക്കുന്നതിനായി സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. അസിസ്റ്റന്റ് സെക്രട്ടറി, സി.ഡി.എസ്. ചെയർപേഴ്സൺ, ബഡ്സ് സ്കൂൾ സ്ഥിതിചെയ്യുന്ന വാർഡിൽ നിന്നുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന പ്രതിനിധി എന്നിവർ ഇതിൽ അംഗങ്ങളായിരിക്കും. പരാതി ലഭ്യമായി രണ്ട് ആഴ്ചയ്ക്കുള്ളിൽ നടപടി സ്വീകരിക്കേണ്ടതാണ്.

3) ജില്ലാ തലത്തിൽ

തദ്ദേശ സ്ഥാപനതലത്തിൽ പരാതികൾ തീർപ്പാകാത്ത സാഹചര്യത്തിൽ പരാതിക്കാരന് കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് പരാതി നൽകാവുന്നതാണ്. കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ അന്വേഷിച്ച് ബഡ്സ് ജില്ലാ ഉപദേശക സമിതിയുടെ നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നതാണ്.

ശിക്ഷയ്ക്ക കാരണമാകുന്ന നടപടികൾ

1) ദുഷ്പെരുമാറ്റം അല്ലെങ്കിൽ സ്ഥാനത്തിന്റെ ദുരുപയോഗം
2) പെരുമാറ്റച്ചട്ട ലംഘനം
3) മുന്നറിയിപ്പ് കൂടാതെ അവധിയിൽ പ്രവേശിക്കുന്നത്
4) ക്രിമിനൽ കുറ്റം

മുകളിൽ പ്രതിപാദിച്ചിട്ടുള്ള ഏതെങ്കിലും കാര്യം ഒരു ജീവനക്കാരനനേരെ തെളിയിക്കപ്പെട്ടാൽ ശിക്ഷാ നടപടികൾ കൈകൊള്ളുന്നതിന് ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തദ്ദേശ സ്ഥാപന തലത്തിൽ ശിപാർശ ചെയ്യാവുന്നതാണ്.

5) ശാസന, സസ്പെൻഷൻ, കരാർ അവസാനിപ്പിക്കൽ തുടങ്ങിയ ശിക്ഷാ നടപടികളായിരിക്കും സ്വീകരിക്കുക.
6) ശിക്ഷാനടപടിയുടെ ഭാഗമായി മാറ്റി നിർത്തപ്പെടുന്ന സാഹചര്യങ്ങളിൽ ജീവനക്കാരന് വേതനമോ മറ്റ് അലവൻസുകളോ ലഭിക്കുന്നതല്ല.

രാജിയും പുറത്താക്കലും

ജീവനക്കാർ ജോലി സ്വയം നിർത്തുന്നതിനു ഒരു മാസം മുമ്പുതന്നെ വിവരം തദ്ദേശസ്ഥാപനത്തെ അറിയിക്കേണ്ടതാണ്, അല്ലാത്തപക്ഷം തദ്ദേശസ്ഥാപനത്തിൽ നിന്നും പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ് നൽകുന്നതല്ല.

അധ്യായം – 10

<u>സമിതികൾ</u>

<u>ബഡ്സ് സംസ്ഥാനതല ഉപദേശകസമിതി</u>

ചെയർമാൻ	: തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി
കൺവീനർ	: തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി
മെമ്പർ സെക്രട്ടറി	: എക്സിക്യൂട്ടീവ് ഡയറക്ടർ,കുടുംബശ്രീ
അംഗങ്ങൾ	: പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി.
	: സംസ്ഥാന പ്ലാനിംഗ് ബോർഡ് പ്രതിനിധി
	: ഭിന്നശേഷി കമ്മീഷണർ
	: സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
	: സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്
	: സെക്രട്ടറി, വനിതാശിശു വികസന വകുപ്പ്
	: പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് അസോസിയേഷൻ
	: പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
	: പ്രസിഡന്റ്, കേരളാ പഞ്ചായത്ത് അസോസിയേഷൻ

: ചെയർമാൻ, മേയേഴ്സ് കൗൺസിൽ

: ചെയർമാൻ, കേരള മുനിസിപ്പൽ ചെയർമാൻസ് അസോസിയേഷൻ

ചേംബർ യോഗം :

സംസ്ഥാനതല ഉപദേശക സമിതി വർഷത്തിൽ ഒരു തവണയെങ്കിലും (6 മാസത്തിലൊരിക്കൽ) യോഗം ചേരണം. യോഗം വിളിച്ചുചേർക്കേണ്ട ചുമതല ഉപദേശക സമിതി മെമ്പർ സെക്രട്ടറിക്കായിരിക്കും.

<u>ബഡ്സ് ജില്ലാതല ഉപദേശകസമിതി</u>

ചെയർമാൻ : ജില്ലാപഞ്ചായത്ത് പ്രസിഡന്റ്

മെംബർസെക്രട്ടറി : ജില്ലാ കളക്ടർ

കൺവീനർ : കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ

അംഗങ്ങൾ : ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അസോസിയേഷൻ ജില്ലാപ്രതിനിധി

: ചെയർമാൻ, കോർപ്പറേഷൻ

: നഗരസഭാ ചെയർമാൻ അസോസിയേഷൻ പ്രതിനിധി

: ജില്ലാപ്ലാനിംഗ് ഓഫീസർ

: ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്

: ജില്ലാ സാമൂഹ്യനീതി ഓഫീസർ

: ഡെപ്യൂട്ടി ഡയറക്ടർ വിദ്യാഭ്യാസം

: വനിതാ ശിശു വികസന വകുപ്പ് ജില്ലാ ഓഫീസർ

യോഗം :

മൂന്നു മാസത്തിൽ ഒരിക്കൽ ഈ കമ്മിറ്റി യോഗം ചേർന്ന് ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്. യോഗം വിളിച്ചുചേർക്കുന്നതിനുള്ള ചുമതല കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്റർക്ക് (കൺവീനർ) ആയിരിക്കും.

ചുമതല :

- പുതിയസ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കൽ.
- ബഡ്സ് സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകൽ.
- ജില്ലാ തലത്തിൽ വിവിധ വകുപ്പുകളുടെ സംയോജനം സാധ്യമാക്കൽ.
- സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ യോഗങ്ങൾ സംഘടിപ്പിക്കൽ.

- വിവിധ തലങ്ങളിൽ നിന്നുള്ള ഫണ്ട് ലഭ്യമാക്കൽ.

ബഡ്സ് വികസന മാനേജ്മെന്റ് സമിതി (തദ്ദേശ സ്ഥാപനതലം)

അധ്യക്ഷൻ : തദ്ദേശ സ്ഥാപന അധ്യക്ഷൻ
കൺവീനർ : തദ്ദേശ സ്ഥാപന സെക്രട്ടറി
ജോയിന്റ് കൺവീനർ : കുടുംബശ്രീ മെമ്പർ സെക്രട്ടറി
അംഗങ്ങൾ : തദ്ദേശ സ്വയംഭരണ സ്ഥാപന സ്റ്റാൻഡിംഗ് കമ്മിറ്റി അംഗങ്ങൾ
: പഞ്ചായത്ത് സെക്രട്ടറി
: ഐ.സി.ഡി.എസ്. സൂപ്പർവൈസർ
: മെഡിക്കൽ ഓഫീസർ
: അസിസ്റ്റന്റ് എജ്യൂക്കേഷൻ ഓഫീസർ (വിദ്യാഭ്യാസ വകുപ്പ്)
: കുടുംബശ്രീ ജില്ലാമിഷൻ പ്രതിനിധി
: ബഡ്സ് സ്ഥാപനമേധാവി
: രണ്ട് രക്ഷിതാക്കളുടെ പ്രതിനിധി (രണ്ടിൽ ഒരാൾ വനിതയായിരിക്കണം)
: സാമൂഹിക സന്നദ്ധ പ്രവർത്തകർ (രണ്ട് പേർ)
: സ്ഥാപനം നിലനിൽക്കുന്ന വാർഡിലെ മെമ്പർ /ഡിവിഷൻ കൗൺസിലർ
: സ്ഥാപനം നിലനിൽക്കുന്ന പരിധിയിലെ ബ്ലോക്ക് & ജില്ലാപഞ്ചായത്ത് മെമ്പർമാർ
: കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ

ഉത്തരവാദിത്വങ്ങളും ചുമതലകളും

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിദ്യാഭ്യാസം, പരിശീലനം, ക്ഷേമം, പുരോഗതി, വികസനം, പുനരധിവാസം എന്നിവ സാധ്യമാക്കുന്ന തരത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- സേവനങ്ങൾ, ഭിന്നശേഷി നിയമം, വിദ്യാഭ്യാസ നിയമം, സംസ്ഥാന ഭിന്നശേഷിനയം, വികേന്ദ്രീകൃത ആസൂത്രണം തുടങ്ങിയവയിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക. പ്രവർത്തനങ്ങൾ വിലയിരുത്തുകയും വിനിയോഗം നിരീക്ഷിക്കുകയും ചെയ്യുക.
- പ്രവർത്തനപരിധിയിലുള്ള ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ വിവരശേഖരണം നടത്തുകയും ഡേറ്റാ ബേസ് ഉണ്ടാക്കുകയും ചെയ്യുക. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമം, പുരോഗതി, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കുക.
- ബുദ്ധിപരമായ വെല്ലുവിളികൾ, മറ്റു പരിമിതികൾ/വെല്ലുവിളികൾ എന്നിവ ഭാവിയിൽ ഉണ്ടാകാതിരിക്കാനും ഇങ്ങനെയുള്ളവ നേരത്തെ കണ്ടെത്തുന്നതിനുള്ള സർവേ,

ആരോഗ്യപരിശോധന, ബോധവൽക്കരണ പരിപാടികൾ, കൗൺസിലിങ്, ഗൈഡൻസ്, റഫറൽ സേവനങ്ങൾ, സഹായ ഉപകരണ വിതരണം തുടങ്ങിയ അനുയോജ്യ സേവനങ്ങൾ ബന്ധപ്പെട്ട സംഘടനകളെ ഉൾപ്പെടുത്തി നടപ്പാക്കുക.

- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി പൊതുജനങ്ങളിൽ നിന്നോ മറ്റ് സ്ഥാപനങ്ങളിൽ നിന്നോ സംഭാവനകൾ, സ്പോൺസർഷിപ്പ്, ഗ്രാൻഡ്, സ്റ്റൈപ്പന്റ് മുതലായവ വഴി ധനസമാഹരണം നടത്തുകയും കൃത്യമായ കണക്കുകളും രേഖകളും സൂക്ഷിക്കുകയും വിനിയോഗത്തിൽ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്യുക.
- ബഡ്സ് വികസന മാനേജ്മെന്റ് സമിതിയുടെ പ്രവർത്തനങ്ങൾക്കായി ഭൂമി, കെട്ടിടം, ഉപകരണങ്ങൾ, മറ്റുപാധികൾ എന്നിവ സംഭാവനയായി സ്വീകരിക്കുകയോ ധനസമാഹരണം, ഗ്രാൻഡ്, സർക്കാർ ധനസഹായം തുടങ്ങിയവ വഴി വിപുലീകരിക്കുകയോ ചെയ്യുക.
- ഉച്ചഭക്ഷണം, പോഷകാഹാരം, മരുന്ന്, ചികിത്സ തുടങ്ങിയവ സർക്കാർ സംവിധാനങ്ങൾ ഉപയോഗിച്ച് ലഭ്യമാക്കുകയോ പ്രവർത്തനഫണ്ട് സ്വരൂപിച്ച് നടപ്പിലാക്കുകയോ ചെയ്യുക.
- കെട്ടിടം, ഉപകരണങ്ങൾ, കോമ്പൗണ്ട്, പാചകശാല, ബാത്റൂം തുടങ്ങിയവ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും മോടിപിടിപ്പിക്കുകയും ചെയ്യുക. സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുക.
- വെല്ലുവിളികൾ നേരിടുന്നവർക്കെതിരെയുള്ള അവകാശധ്വംസനം, പീഡനങ്ങൾ എന്നിവ തടയുന്നതിന് സംരക്ഷണ വേദിയായും അവകാശ ജാഗ്രതാസമിതിയായും പ്രവർത്തിക്കുക.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, കായികമത്സരങ്ങൾ, ദിനാഘോഷങ്ങൾ, സന്നദ്ധപ്രവർത്തന കൂട്ടായ്മ തുടങ്ങിയവ സംഘടിപ്പിക്കുക.
- ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ കുടുംബ/സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതിനായി സ്വയം സഹായസംഘം, സമ്പാദ്യശീലം, ഇൻഷുറൻസ്, ഗാർഡിയൻഷിപ്പ്, തൊഴിൽ വായ്പ, ചികിത്സ, സ്വയംതൊഴിൽ തുടങ്ങിയവ ലഭ്യമാക്കുന്നതിന് പരിശ്രമിക്കുക.
- അധ്യാപക രക്ഷാകർത്തൃ സംഘടന കാര്യക്ഷമമാക്കുക.

അധ്യായം – 11

മറ്റ് നിബന്ധനകൾ

1) ബഡ്സ് സ്ഥാപനങ്ങളിൽ ഒരു പ്രഥമ അധ്യാപിക / അധ്യാപകനെ നിയമിക്കേണ്ടതാണ്.
2) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ നിർബന്ധമായും ഒരു വൊക്കേഷണൽ ഇൻസ്ട്രക്ടറെ നിയമിക്കേണ്ടതാണ്.

3) പ്രത്യേകം പരിചരണം ആവശ്യമുള്ളതിനാൽ പൊതു അവധി ദിനങ്ങളൊഴികെ തിങ്കളാഴ്ച മുതൽ ശനിയാഴ്ച വരെ ബഡ്സ് സ്പെഷ്യൽ സ്കൂളുകളും, ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും പ്രവർത്തിക്കേണ്ടതാണ്.
4) RCI അംഗീകൃത യോഗ്യതയുള്ള ജീവനക്കാർ കൃത്യമായും സർട്ടിഫിക്കറ്റ് പുതുക്കേണ്ടതാണ്. കൃത്യസമയത്ത് CRE ക്രെഡിറ്റ് പോയിന്റ് നേടാതെ സർട്ടിഫിക്കറ്റ് പുതുക്കാനാകാതെ വരുന്നപക്ഷം അയോഗ്യതയായി കണക്കാക്കുന്നതാണ്.
5) ഒരു അധ്യാപിക / ആയ മാത്രമുള്ള സ്ഥാപനങ്ങളിൽ ടിയാൾക്ക് / അവർക്ക് മെറ്റേണിറ്റിലീവ് ആവശ്യമായി വരുന്നപക്ഷം, ദിവസ വേതനാടിസ്ഥാനത്തിൽ ടി കാലയളവിലേക്ക് മാത്രം അധ്യാപകർ /ആയ-യെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് കുടുംബശ്രീ ജില്ലാമിഷന്റെ അനുമതിയോടുകൂടി നിയമിക്കാവുന്നതാണ്.

അധ്യായം – 12

അടിസ്ഥാന സൗകര്യം

ബഡ്സ് സ്കൂൾ

ഗ്രേഡ് എ സ്ഥാപനങ്ങൾ

എ) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

- തടസ്സരഹിത കെട്ടിടം
- മതിയായ ക്ലാസ്സ്റൂം (ഒരുകുട്ടിക്ക് 25 ച. അടി സ്ഥലം)
- ഫിസിയോതെറാപ്പി റൂം (500 ച.അടി സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ
- സ്പീച്ച് തെറാപ്പി റൂം (200 ച.അടി സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ
- ഒക്കുപേഷണൽ തെറാപ്പി റൂം (400 ച.അടി. സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ
- ഡൈനിങ് ഹാൾ (ഒരു കുട്ടിക്ക് 15 ച.അടി സ്ഥലം, മിനിമം 375 ച.അടി സ്ഥലം), മതിയായ ഫർണിച്ചറുകൾ.
- കളിസ്ഥലം (ഒരു കുട്ടിക്ക് 50 ച.അടി സ്ഥലം, മിനിമം 1000 ച.അടി സ്ഥലം)
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഭിന്നശേഷി സൗഹൃദ ശുചിമുറികൾ (1:15 അനുപാതത്തിൽ)
- കുടിവെള്ള സൗകര്യം
- ഓഫീസ് റൂം, സ്റ്റാഫ് റൂം, വിസിറ്റേഴ്സ് റൂം, സെമിനാർഹാൾ, സ്റ്റോർ റൂം, കൈകഴുകാനുള്ള സ്ഥലം, ലൈബ്രറി.

ബി) അനുവദിക്കപ്പെടേണ്ട തസ്തികകൾ

- നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ള പ്രധാനാധ്യാപകൻ / പ്രധാനാധ്യാപിക
- സ്പെഷ്യൽ ടീച്ചർ 1 : 8 അനുപാതം

- ആയ 1 :15 അനുപാതം
- നിശ്ചിതയോഗ്യതയുള്ള തെറാപ്പിസ്റ്റുമാർ
- നിശ്ചിത യോഗ്യതയുള്ള കലാകായികാധ്യാപകർ (കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഏതെങ്കിലും രണ്ട് അധ്യാപകരെ തിരഞ്ഞെടുത്ത് നിയമിക്കേണ്ടതാണ്) – ആഴ്ചയിൽ 4 ദിവസം
- ഡ്രൈവർ കം ഹെൽപ്പർ

ഗ്രേഡ് ബി സ്ഥാപനങ്ങൾ

എ) ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

- തടസ്സരഹിത കെട്ടിടം
- മതിയായ ക്ലാസ്സ്റൂം (ഒരു കുട്ടിക്ക് 25 ച.അടി സ്ഥലം)
- ഫിസിയോ തെറാപ്പി റൂം (300 ച.അടി സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ
- സ്പീച്ച് തെറാപ്പി റൂം (200 ച.അടി സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ
- ഒക്കുപേഷണൽ തെറാപ്പി റൂം (400 ച.അടി സ്ഥലം), ആവശ്യമായ ഉപകരണങ്ങൾ.
- ഡൈനിംഗ്ഹാൾ (ഒരുകുട്ടിക്ക് 15 ച. അടി സ്ഥലം, മിനിമം 300 ച.അടി സ്ഥലം), മതിയായ ഫർണിച്ചറുകൾ
- കളിസ്ഥലം (ഒരു കുട്ടിക്ക് 50 ച. അടി സ്ഥലം, മിനിമം 700 ച. അടി സ്ഥലം)
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഭിന്നശേഷി സൗഹൃദ ശുചിമുറികൾ 1 : 15 അനുപാതത്തിൽ
- കുടിവെള്ള സൗകര്യം
- ഓഫീസ്റൂം, സ്റ്റാഫ്റൂം, സ്റ്റോർ റൂം, കൈകഴുകാനുള്ള സ്ഥലം

ബി) അനുവദിക്കപ്പെടേണ്ട തസ്തികകൾ

- നിശ്ചിത വിദ്യാഭ്യാസയോഗ്യതയുള്ള പ്രധാനാധ്യാപകൻ/ പ്രധാനാധ്യാപിക
- സ്പെഷ്യൽ ടീച്ചർ 1 :8 അനുപാതം
- ആയ 1 :15 അനുപാതം
- നിശ്ചിത യോഗ്യതയുള്ള തെറാപ്പിസ്റ്റുമാർ
- നിശ്ചിത യോഗ്യതയുള്ള കലാ-കായികാധ്യാപകർ (കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഏതെങ്കിലും രണ്ട് അധ്യാപകരെ തിരഞ്ഞെടുത്ത് നിയമിക്കേണ്ടതാണ്) ആഴ്ചയിൽ 3 ദിവസം
- ഹെൽപ്പർ കം ഡ്രൈവർ

ഗ്രേഡ് സി സ്ഥാപനങ്ങൾ

ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ

- തടസ്സ രഹിത കെട്ടിടം

- മതിയായ ക്ലാസ്സ്റൂം (ഒരു കുട്ടിക്ക് 25 ച.അടി സ്ഥലം)
- ഫിസിയോ തെറാപ്പി റൂം, ആവശ്യമായ ഉപകരണങ്ങൾ
- സ്പീച്ച് തെറാപ്പി റൂം, ആവശ്യമായ ഉപകരണങ്ങൾ
- ഡൈനിങ് ഹാൾ, മതിയായ ഫർണിച്ചറുകൾ
- കളിസ്ഥലം
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഭിന്നശേഷി സൗഹൃദ ശുചിമുറികൾ 1 :15 അനുപാതത്തിൽ
- കുടിവെള്ള സൗകര്യം
- ഓഫീസ് റൂം, സ്റ്റാഫ് റൂം, സ്റ്റോർ റൂം, കൈകഴുകാനുള്ള സ്ഥലം

ബി) അനുവദിക്കപ്പെടേണ്ട തസ്തികകൾ

- നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള പ്രധാനാധ്യാപകൻ / പ്രധാനാധ്യാപിക
- സ്പെഷ്യൽ ടീച്ചർ 1 :8 അനുപാതം
- ആയ 1 :15 അനുപാതം
- നിശ്ചിതയോഗ്യതയുള്ള തെറാപ്പിസ്റ്റുമാർ (പാർട്ട്ടൈം)
- നിശ്ചിതയോഗ്യതയുള്ള ഡാൻസ് / ഇൻസ്ട്രുമെന്റൽ മ്യൂസിക് / ക്രാഫ്റ്റ് / ഡ്രോയിംഗ് ടീച്ചർ (കുട്ടികളുടെ അഭിരുചിക്കനുസരിച്ച് ഏതെങ്കിലും അധ്യാപകരെ തിരഞ്ഞെടുത്ത് നിയമിക്കേണ്ടതാണ്) ആഴ്ചയിൽ ഒരുദിവസം.

അധ്യായം – 13

രജിസ്ട്രേഷൻ

അധ്യായം 12–ൽ പറയുന്നത് പ്രകാരം അടിസ്ഥാന സൗകര്യങ്ങളും ജീവനക്കാരുടെ വിന്യാസവുമുള്ള, 8 കുട്ടികളെങ്കിലുമുള്ള സ്ഥാപനങ്ങൾക്ക് സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ബഡ്സ് സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ചുമതല അതതു ബഡ്സ് സ്ഥാപനത്തിലെ പ്രധാന അധ്യാപകൻ/അധ്യാപികയ്ക്കും തദ്ദേശ സ്ഥാപനത്തിലെ ബഡ്സ് സ്ഥാപനത്തിന്റെ ഉദ്യോഗസ്ഥനുമായിരിക്കും.

അനുബന്ധം 1 : പ്രവർത്തന മൂല്യനിർണയ ഫോം

KUDUMBASHREE BUDS INSTITUTIONS

Self-Appraisal Format for BUDS Teachers

Section A : Personal & Professional Details

Review Year (s)	
Name of Teacher	
Designation	
School Name	
Name of Local Body	
Date of Joining	

Section B : Self Appraisal by Teacher

Major achievements during the period	
The newly adopted methods in classroom teaching	
Training programs attended with Duration, Date and Year	
Total CRE point earned in each year	
1. 20...	
2. 20...	
3. 20...	
Participation in school / community activities	
Participation in BUDS Fest, BUDS day and BUDS olympia	
Challenges faced and strategies adopted	

Areas where support / training is required	

Section C : Self Rating

Performance Indicator	**Self Rating (Excellent - 5 Very Good - 4 Good - 3 Average - 2 Below Average - 1)**	**Remarks**
Classroom management and discipline		
Ability to adapt teaching to children with diverse needs		
Preparation and delivery of Individualized Education Plans (IEPs)		
Communication skills with children, parents, and staff		
Regularity and punctuality		
Commitment to inclusive education		
Participation in school/community activities		
Documentation and reporting		
Professional attitude and teamwork		
Student progress and impact		

Section D: Review by Appraisal Committee

Performance Indicator	**Self Rating (Excellent - 5 Very Good - 4 Good - 3 Average - 2 Below Average - 1)**	**Remarks**
Overall performance of		

Teacher		
Progress of Students and Institution		

Committee Remarks

- Excellent
- Very Good
- Good
- Fair
- Needs Improvement

Section E: Review Officer's Remarks and Recommendation

Contract Renewal Recommendation: Recommended for Contract Renewal (3 Years)/ Recommended with Conditions/ Not Recommended

Signature of Review Team

SI. No.	Name	Designation	Signature & Date
1.			
2.			

3.			
4.			

Approval Authority

അനുബന്ധം 2 – കരാർ മാതൃക

കരാർ

ഈ കരാർ ..... ജില്ലയിൽ സ്ഥിതിചെയ്യുന്ന ..... തദ്ദേശ സ്ഥാപനത്തിലെ ബഡ്സ് സ്ഥാപനത്തിൽ നിയമിക്കപ്പെട്ട അധ്യാപിക/അധ്യാപകനും സ്ഥാപനത്തിൽ മേൽനോട്ടം വഹിക്കുന്ന പഞ്ചായത്ത് / മുനിസിപ്പാലിറ്റി സെക്രട്ടറിയും തമ്മിൽ .....(തീയതി)-ന് ഒപ്പ് വച്ചിരിക്കുന്നു.

ഇരുകക്ഷികളും താഴെപ്പറയുന്ന വ്യവസ്ഥകൾ അംഗീകരിക്കുന്നു.

1. നിയമനം

അധ്യാപകന് ബഡ്സ് സ്ഥാപനത്തിൽ മൂന്ന് വർഷത്തെ കരാറടിസ്ഥാനത്തിലുള്ള നിയമനം ലഭിക്കുന്നതാണ്. എന്നാൽ ഓരോ വർഷവും അധ്യാപകൻ അപ്രൈസൽ സമർപ്പിക്കേണ്ടതും ആയത് കമ്മിറ്റി പരിശോധിക്കുന്നതുമാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആയിരിക്കും കരാർ പുതുക്കി നൽകുക.

2. ജോലിസമയം

തിങ്കൾ മുതൽ ശനിയാഴ്ച്ച വരെ രാവിലെ 09.30 മണി മുതൽ വൈകിട്ട് 03.30 മണിവരെയാണ് ജോലിസമയം. ആവശ്യമുള്ളപക്ഷം അധിക ജോലിസമയം തദ്ദേശ സ്ഥാപന തീരുമാനം അനുസരിച്ച് നിർദേശിക്കുന്നതാണ്.

3. പ്രതിഫലം

അധ്യാപകർക്ക് പ്രതിമാസം ..... രൂപ (.....രൂപ മാത്രം) ഹോണറേറിയമായിരിക്കും.

4. ചുമതലകൾ

കുട്ടികളുടെ പരിപാലനവും സുരക്ഷയും ഉറപ്പാക്കുക, അവർക്ക് ആവശ്യമായ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഉറപ്പാക്കുക, കുട്ടികളുടെ വികാസം കൃത്യമായി രേഖപ്പെടുത്തുക, മാതാപിതാക്കളുമായും സമൂഹവുമായും കാര്യക്ഷമമായി ഇടപെടുക, രക്ഷകർത്താക്കളുടെ യോഗം വിളിച്ചുചേർക്കുക, രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കുക.

5. അവധികൾ

വർഷത്തിൽ 12 ദിവസത്തെ ആകസ്മിക അവധി (കാഷ്വൽ ലീവ്), മെഡിക്കൽ അവധി, ഗർഭകാല അവധി എന്നിവ അനുവദിക്കുന്നതായിരിക്കും (സർക്കാർ ഉത്തരവുകൾ അനുസരിച്ച്). അനുവദനീയമായ ആർജിത അവധി ഉണ്ടായിരിക്കുന്നതാണ്.

6. പെരുമാറ്റച്ചട്ടം

കുട്ടികളോടും അവരുടെ കുടുംബത്തോടും മാന്യമായി പെരുമാറുക, ഓരോ കുട്ടിയുടെയും, പരിശീലനാർത്ഥികളുടെയും സ്വകാര്യത ഉറപ്പാക്കുക, സ്ഥാപനം സംബന്ധിച്ചുള്ള എല്ലാ സ്വകാര്യ വിവരങ്ങളും ആർക്കും നൽകാതെ സൂക്ഷിക്കുക എന്നീ കാര്യങ്ങൾ അധ്യാപകർ പിന്തുടരേണ്ടതാണ്.

7. കരാർ അവസാനിപ്പിക്കൽ

കരാർ അവസാനിപ്പിക്കുന്നതു സംബന്ധിച്ച് ഒരു മാസം മുമ്പേ മുൻകൂട്ടി തദ്ദേശസ്ഥാപനത്തിൽ രേഖാമൂലം അറിയിച്ച് കരാർ അവസാനിപ്പിക്കാവുന്നതാണ്. ഗുരുതരമായ തെറ്റുകളുള്ള പക്ഷം ആരോപിതരായ ജീവനക്കാർക്കെതിരെ നടപടി എടുക്കുന്നതായിരിക്കും.

8. തർക്കപരിഹാരം

- കരാറുമായി ബന്ധപ്പെട്ട തർക്കങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ ജില്ലാമിഷന്റെ നേതൃത്വത്തിൽ പരിഹരിക്കേണ്ടതാണ്.
- തസ്തികയിലോ/വകുപ്പിലോ/സ്ഥാപനത്തിലോ ഇതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിലോ/ സ്ഥാപനങ്ങളിലോ/തസ്തികകളിലോ സ്ഥിരപ്പെടുത്തുന്നതിന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല.

മുകളിൽ പറഞ്ഞ വ്യവസ്ഥകൾക്കനുസൃതമായി, ഇരുകക്ഷികളും ഈ കരാറിൽ ഒപ്പുവെക്കുന്നു.

അധ്യാപകന്റെ പേര്, ഒപ്പ്
തീയതി:

തദ്ദേശ സ്ഥാപന സെക്രട്ടറി
(പഞ്ചായത്ത്/മുനിസിപ്പാലിറ്റി)
തീയതി:

സാക്ഷികൾ:

1. .....

2. .....

<u>സത്യവാങ്മൂലം</u>

..... ജില്ലയിൽ ..... താലൂക്കിൽ ..... ഗ്രാമപഞ്ചായത്ത് / നഗരസഭയിൽ .....

മേൽവിലാസത്തിൽ താമസക്കാരനായ ..... മകൻ/മകൾ ആയ ..... വയസ്സുള്ള ..... എന്ന ഞാൻ, കരാർ/ദിവസ വേതന നിയമനം നടത്തുന്ന വേളയിലും സേവന കാലാവധി ദീർഘിപ്പിച്ച് നൽകുന്ന വേളയിലും ടി തസ്തികയിലോ / വകുപ്പിലോ / സ്ഥാപനത്തിലോ ഇതുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും വകുപ്പിലോ / സ്ഥാപനങ്ങളിലോ സ്ഥിരനിയമനവാദം ഉന്നയിക്കുന്നതല്ല.

എന്ന്,

ഒപ്പ് :

പേര്:

സ്ഥലം:

തീയതി: